## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.3933 | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**കർഷക തൊഴിലാളി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | 23-6-2016-ൽ ഇറങ്ങിയ 99/2016/MS നമ്പർ ഉത്തരവ് ഇതുവരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിയിട്ടില്ലായെന്നും കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റുന്നവർക്ക് ലഭിക്കേണ്ട വാർദ്ധക്യകാല പെൻഷൻ അപേക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്നില്ല എന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നവർക്കും വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | സർക്കാർ ഉത്തരവുകൾ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്താനുള്ള നടപടി ഉണ്ടാകുമോ? | (സി) | ദിനംപ്രതി ഇറങ്ങുന്ന സർക്കാർ ഉത്തരവുകൾ എൽ.എസ്.ജി.ഡി. വെബ്സൈറ്റിൽ ലഭ്യമാണ്. ഇത്രയധികം ഉത്തരവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നത് അപ്രായോഗികമാണ്. എങ്കിലും സാധാരണ ജനവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച ഉത്തരവുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ